**25.11.2023**

# KGBEU OU ബുള്ളറ്റിൻ 148 /2023

സഖാക്കളെ,

## വിഷയം: Golden day for RRB Employees

25.11.1998 The Golden Day in the History of our struggle for parity and equality of RRB Employees The day the Division Bench of Hon'ble High court of Kerala upheld the decision of the Single Bench reinstating the parity to RRB Employees and there by reiterating the fact that NIT award of 1990 was not a onetime measure.Today,25 .11. 2023 as we reminisce the Silver Jubilee of our victory in our case against Bank and Government of India.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)

4.12.2023

# KGBEU OU ബുള്ളറ്റിൻ 149 /2023

സഖാക്കളെ,

**വിഷയം: വികസിത് ഭാരത് സങ്കൽപ്പ് യാത്ര
ജീവനക്കാർക്കുമേൽ രാഷ്ട്രീയ നേതൃത്വം
ഉയർത്തുന്ന സമ്മർദ്ദം**

വികസിത് ഭാരത് സങ്കൽപ്പ് യാത്രയുമായി ബന്ധപ്പെട്ട് ബാങ്ക് ജീവനക്കാർ വലിയ സമ്മർദ്ദമാണ് അനുഭവിച്ചുകൊിരിക്കുന്നത്. രാഷ്ട്രീയ നേട്ടത്തിനു വേണ്ടി ഉപയോഗിക്കപ്പെടുന്നതിനു പുറമെ പ്രാദേശികമായ ബിജെപി നേതാക്കളുടെ ഭീഷണികളും മറ്റുമാണ് ഈ സമ്മർദ്ദത്തിന് പ്രധാനകാരണം. ബിജെപി നേതാക്കളുടെ ഭാഗത്തു നിന്നും വരുന്ന താങ്ങാനാവാത്ത സമ്മർദ്ദം കാരണം ഈ വിഷയത്തിൽ സംഘടന അടിയന്തിരമായി ഇടപെടണമെന്ന് ജീവനക്കാരുടെ ഭാഗത്തു നിന്നും ആവശ്യം ഉയർന്നു കൊണ്ടിരിക്കുകയാണ്. രാഷ്ട്രീയ നേതൃത്വത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്ന അപക്വമായ ഇത്തരം നടപടികൾക്കെതിരെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയാണ്. ഈ അവസരത്തിൽ മുഴുവൻ ജീവനക്കാർക്കും പൂർണ്ണ പിന്തുണ വാഗ്ദാനം ചെയ്യുന്നു. ബാങ്ക് ജീവനക്കാരുടെ പ്രവർത്തനങ്ങൾക്ക് വിഘാതം വരുന്ന രീതിയിൽ ഏതു ഭാഗത്തു നിന്നും ഉണ്ടാകുന്ന തെറ്റായ നടപടികൾ എന്ത് വിലകൊടുത്തും ചെറുക്കാൻ ശക്തമായ രീതിയിൽ തന്നെ ഇടപെടുമെന്ന് സംഘടന ഉറപ്പുനൽകുന്നു. എന്താവശ്യത്തിനും സംഘടനാ നേതൃത്വവുമായി ബന്ധപെടാവുന്നതാണ്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)

**5.12.2023**

## <u>KGBEU OU ബുള്ളറ്റിൻ 150 /2023</u>

സഖാക്കളെ,

### വിഷയം: ആശ്രിത നിയമനം

ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് സംഘടന നടത്തി വന്ന ഇടപെടലുകൾ സർക്കുലർ വഴിയും ബുള്ളറ്റിൻ വഴിയും നാം ജീവനക്കാരെ അറിയിച്ചതാണ്. അതിന്റെ ഭാഗമായി ആശ്രിത നിയമനം പുനഃസ്ഥാപിച്ചതിനു ശേഷം ആദ്യമായി നിയമനം നടത്താൻ മാനേജ്മെന്റ് തയ്യാറായിരിക്കുകയാണ്. നാളെ ആദ്യ ബാച്ചിന്റെ ഡോക്യുമെന്റ് വെരിഫിക്കേഷൻ നടത്താനും തീരുമാനിച്ചിട്ടുണ്ട്.

2019 നു ശേഷം മരണപ്പെട്ട ജീവനക്കാരുടെ ആശ്രിതർ മാത്രമാണ് നിലവിൽ പരിഗണിക്കപ്പെട്ടത്. അതിനു മുമ്പ് മരണപെട്ടവരുടെ ആശ്രിതർക്കും നിയമനം നൽകണമെന്ന ആവശ്യം ഉയർത്തി നാം നിയമ പോരട്ടങ്ങളും പ്രത്യക്ഷ സമരവും നടത്തി വരികയായിരുന്നു. തുടർന്ന് 2019 ന് മുമ്പ് മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ആശ്രിത നിയമനം നൽകുന്നതിനായി ഉടൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം നാം ശക്തിപ്പെടുത്തിയിരുന്നു. ചെയർമാനായും ജനറൽ മാനേജരുമായും ഈ വിഷയം നാം നേരത്തെ മുതൽ സംസാരിക്കുകയും follow up ചെയ്തു വരികയുമാണ്. അടുത്ത ദിവസം തന്നെ അവരുടെ നിയമനം പരിഗണിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്നാണ് നാം പ്രതീക്ഷിക്കുന്നത്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)

**6.12.2023**

# KGBEU OU ബുള്ളറ്റിൻ 151 /2023

**സഖാക്കളെ,**

**വിഷയം:** Performance appraisal of Workmen Employees

**വർക്ക്മെൻ ജീവനക്കാരുടെ** performance appraisal **നവംബർ 30 നകം അയക്കണം എന്നാണ് നിർദേശം ഉണ്ടായിരുന്നത്. എന്നാൽ നിരവധി ജീവനക്കാരുടെ** appraisal **ഇനിയും** HR **വിംഗിലേക്ക് ലഭിക്കാൻ ബാക്കിയുണ്ട്. ജീവനക്കാരുടെ പ്രമോഷൻ ഉൾപ്പെടെയുള്ള കാര്യങ്ങളെ ബാധിക്കുന്ന വിഷയം ആയതിനാൽ അയക്കാൻ ബാക്കിയുള്ള ബ്രാഞ്ചുകൾ എത്രയും പെട്ടെന്ന് ചെയ്യണം എന്ന് അഭ്യർത്ഥിക്കുന്നു.**

**ജനറൽ സെക്രട്ടറി**
KGB **എംപ്ലോയീസ് യൂണിയൻ**
KGB **ഓഫീസേഴ്സ് യൂണിയൻ**
(AIRRBEA/BEFI)

**7.12.2023**

# KGBEU OU ബുള്ളറ്റിൻ 152 /2023

സഖാക്കളെ,

## വിഷയം: വികസിത് ഭാരത് സങ്കൽപ്പ് യാത്രയുടെ പേരിൽ ബിജെപി പ്രവർത്തകരുടെ അതിക്രമം

വികസിത് ഭാരത് സങ്കൽപ്പ് യാത്രയുമായി ബന്ധപ്പെട്ട് നിരവധി പരാതികളാണ് ബാങ്ക് ജീവനക്കാരിൽ നിന്നും ഉയരുന്നത്. പ്രാദേശിക ബിജെപി നേതൃത്വത്തിൽ നിന്നും വലിയ സമ്മർദ്ദവും ഭീഷണിയും ഉയരുന്നതായും അവർ പറയുന്ന സ്ഥലത്ത് പറയുന്ന ആളിനെക്കൊണ്ട് ഉദ്ഘാടനം ചെയ്യിക്കണം എന്ന തരത്തിലൊക്കെയാണ് ഭീഷണികൾ ഉയരുന്നത്.

ആദ്യമായാണ് രാഷ്ട്രീയ നേതൃത്വത്തിന്റെ ഭാഗത്ത് നിന്നും കൂട്ടത്തോടെയുള്ള ആക്രമണം ബാങ്ക് ജീവനക്കാർക്കുമേൽ വരുന്നത്. ഈ വിഷയം നിസ്സാരമായി കാണാനാവില്ല.

ജനറൽ മാനേജർമാരോട് ഇതുമായി ബന്ധപ്പെട്ട് ചർച്ച നടത്തുകയും അടിയന്തിരമായി പരിഹാരം കാണണമെന്ന ആവശ്യം ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. LDM മാരെ ബന്ധപ്പെട്ട് ബാങ്ക് ജീവനക്കാരുടെ ആത്മാഭിമാനം ചോദ്യം ചെയ്യുന്ന തരത്തിൽ പ്രാദേശിക ഇടപെടൽ വരികയാണെങ്കിൽ ഈ പരിപാടി ബോയ്ക്കോട്ട് ചെയ്യാൻ നിർദ്ദേശം കൊടുക്കുമെന്ന തീരുമാനവും അറിയിച്ചിട്ടുണ്ട്.

ഇന്ന് രണ്ട് വനിതാ മാനേജർമാർക്കാണ് ബിജെപി നേതൃത്വത്തിൽ നിന്നും ഭീഷണി നേരിടേണ്ടി വന്നത്. ബിജെപി സംസ്ഥാന നേതാക്കളെ വിളിച്ച് സംസാരിക്കുകയും പ്രാദേശിക നേതൃത്വത്തിന് ബാങ്കുജീവനക്കാരെ നിയന്ത്രിക്കാൻ തുനിയരുതെന്ന നിർദ്ദേശം നൽകിയില്ലെങ്കിൽ സംഘടനാപരമായ തീരുമാനം നമുക്ക് കൈക്കൊള്ളേണ്ടി വരുമെന്ന സൂചന കൊടുക്കുകയും ചെയ്തു. സംഘടനയുടെ ഇടപെടലിനെത്തുടർന്ന് രണ്ടിടത്തും പ്രശ്നപരിഹാരം ഉണ്ടാക്കാൻ നമുക്ക് സാധിച്ചു.

ബിജെപി നേതൃത്വം ബാങ്ക് ജീവനക്കാരെ നിയന്ത്രിക്കാൻ തുനിയരുത് എന്ന നിർദേശം

നൽകാത്ത പക്ഷം കടുത്ത തീരുമാനത്തിലേക്ക് സംഘടനയ്ക്ക് കടക്കേണ്ടി വരും. തുടർന്നും എവിടെയെങ്കിലും പ്രശ്നം ഉണ്ടാവുന്നുവെങ്കിൽ ഉടൻ സംഘടനയെ അറിയിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)

**8.12.2023**

## <u>KGBEU OU ബുള്ളറ്റിൻ 153 /2023</u>

സഖാക്കളെ,

### വിഷയം: Strike marking

പണിമുടക്കിയ ജീവനക്കാർ HRMS ൽ strike മാർക്ക് ചെയ്യണമെന്നാവശ്യപ്പെട്ട് HR വിംഗിൽ നിന്നും ലെറ്റർ വന്നതായി ജീവനക്കാർ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സംഘടന നോട്ടീസ് കൊടുത്ത് നടത്തുന്ന പണിമുടക്ക് സംഘടനയുടെ എല്ലാ അംഗങ്ങൾക്കും ബാധകമാണ്. അത് കൊണ്ട് വ്യക്തിപരമായി ആരും സ്ട്രൈക്ക് മാർക്ക് ചെയ്യേണ്ടതില്ല. ഏതെങ്കിലും അംഗത്തിന് പണിമുടക്കാൻ താൽപര്യമില്ലെങ്കിൽ പണിമുടക്കിന് മുൻപ് മാനേജർക്ക് എഴുതി കൊടുക്കണം. നിശ്ചിത ഫോർമാറ്റിൽ Strike report ബ്രാഞ്ച് മാനേജർ/RM/വിംഗ് ഹെഡ് എന്നിവർ ഹെഡ് ഓഫീസിലേക്ക് അയക്കുകയാണ് വേണ്ടത്. അതിനുള്ള ഫോർമാറ്റ് HR വിംഗ് അവർക്ക് നൽകണം. അതാണ് ശരിയായ രീതി.

ഈ വിഷയം HR വിംഗുമായി ഇന്നു സംസാരിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത കത്തിന് മറുപടിയായി 'Union sumitted strike notice legally for their members' എന്നു മറുപടി നൽകിയാൽ മതി.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)

8.12.2023

# KGBEU OU ബുള്ളറ്റിൻ 154 /2023

സഖാക്കളെ,

## വിഷയം: micro ATM

micro ATM സംവിധാനം നമ്മുടെ ബാങ്കിൽ നടപ്പിലാക്കിക്കൊള്ള സർക്കുലർ കഴിഞ്ഞദിവസം ഇറങ്ങിയിട്ടുണ്ട്. ഒരു നിശ്ചിത തുക, പേപ്പർ വർക്കുകൾ ഒന്നും ഇല്ലാതെ ഇടപാടുകാർക്ക് കൊടുക്കാനും വാങ്ങാനും കഴിയും എന്നതാണ് ഇതിന്റെ പ്രത്യേകത. എന്നാൽ ആരാണ് ഈ സംവിധാനം ഉപയോഗിക്കേണ്ടത് എന്നതിനെ സംബന്ധിച്ച് കൃത്യമായ നിർദ്ദേശം ഒന്നും തന്നെ ഇല്ല. ഇതുമായി ബന്ധപ്പെട്ട് നിരവധി ജീവനക്കാർ സംഘടനയെ ആശങ്ക അറിയിച്ചിട്ടുണ്ട്.

micro ATM ഉപയോഗിക്കുന്ന ജീവനക്കാരുടെ കസ്റ്റഡിയിൽ ഇടപാടുകാർക്ക് കൊടുക്കാനുള്ളതും അവരിൽ നിന്നും സ്വീകരിക്കുന്നതുമായ ക്യാഷ് സൂക്ഷിക്കുന്നതിനായി സംവിധാനം ഉണ്ടാവണം. അതിന് കൃത്യമായ മാനദണ്ഡങ്ങളോടുകൂടിയ സുരക്ഷാ സംവിധാനങ്ങൾ വേണം. നമ്മുടെ ശാഖയിൽ നിലവിൽ ക്യാഷ് സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിരിക്കുന്നത് ക്യാഷ് കൗണ്ടറിൽ മാത്രമാണ്. കാഷ്യർ ഡ്യൂട്ടി ചെയ്യുന്ന ജീവനക്കാരന് ഒരുതരത്തിലും ഈ സംവിധാനം ഉപയോഗപ്പെടുത്താനും കഴിയില്ല. അതിനുപുറമേയുള്ള ജീവനക്കാർക്കും ക്യാഷ് കൈകാര്യം ചെയ്യുന്നതിന് പ്രായോഗികമായി പലവിധ ബുദ്ധിമുട്ടുകളും ഉണ്ട്.

സ്വന്തം ആധാർ കാർഡ് ഉപയോഗിച്ച് വേണം ഇതിൽ log in ചെയ്യാൻ എന്ന ന്യൂനതയും ജീവനക്കാർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

ആയതിനാൽ ഈ സംവിധാനം അതാത് ശാഖകളിൽ ഏതു തരത്തിലാണ് ഉപയോഗിക്കാൻ കഴിയുക എന്ന് പൂർണ്ണമായും വിലയിരുത്തിയതിനു ശേഷം മാത്രമേ പ്രാബല്യത്തിൽ കൊണ്ടുവരാൻ കഴിയുകയുള്ളൂ. ഈ വിഷയം മാനേജ്മെന്റിനെ നാം ബോധ്യപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ നിർബന്ധമായും micro ATM ഉപയോഗിക്കണമെന്ന നിർദേശം എവിടെനിന്നും ഉണ്ടാവില്ല എന്ന് നമുക്ക് ഉറപ്പു ലഭിച്ചിട്ടുണ്ട്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)

**13.12.2023**

# KGBEU OU ബുള്ളറ്റിൻ 155 /2023

സഖാക്കളെ,

## വിഷയം: പ്രമോഷൻ ഇന്റർവ്യൂ

പ്രമോഷൻ എക്സാം പൂർത്തിയായി മൂന്നാഴ്ച ആകാറായിട്ടും ഇൻറർവ്യൂ ഷെഡ്യൂൾ ഇതുവരെ പുറത്തുവിട്ടിട്ടില്ല. കുറേ ദിവസങ്ങളായി നാം ഇതിൽ ഫോളോ അപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്. ഇന്ന് വീണ്ടും ഈ ആവശ്യം ഉയർത്തി മാനേജ്മെന്റുമായി സംസാരിക്കുകയും നിർബന്ധമായും ഇൻറർവ്യൂ ഷെഡ്യൂൾ ഇന്നുതന്നെ പുറത്തു വിടണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഉടൻ പുറത്തുവിടുമെന്നാണ് നമ്മുടെ പ്രതീക്ഷ.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)

**14.12.2023**

# <u>KGBEU OU ബുള്ളറ്റിൻ 156 /2023</u>

സഖാക്കളെ,

## വിഷയം: micro ATM

Micro ATM user സംബന്ധിച്ച് ബ്രാഞ്ചുകളിലേക്ക് letter വന്നതായി ജീവനക്കാർ അറിയിച്ചിട്ടുണ്ട്. ഈ സംവിധാനവുമായി ബന്ധപ്പെട്ട ആശങ്കകൾ മാനേജ്മെന്റുമായി ചർച്ച ചെയ്യുകയും അതിനെത്തുടർന്ന് ഒരാളെയും ഇത് ഉപയോഗിക്കാൻ നിർബന്ധിക്കില്ല എന്ന ഉറപ്പ് നമുക്ക് ലഭിക്കുകയും ചെയ്തതാണ്. അതിനു ശേഷമാണ് ഉപയോഗിക്കുന്നവരുടെ വിവരം ചോദിച്ച് കത്ത് വന്നിട്ടുള്ളത്. ആ കത്തിന് താഴെ പറയും പ്രകാരം മറുപടി നൽകാം.

"Since the workflow of KGB micro ATM is of single window operating nature, Bank has to provide basic amenities in Branches for securing the cash, which has not been provided yet.

Further, usage of the facility requires personal data like aadhar number and mobile number of the Employee which amounts to intrusion of privacy of individual.

Owing to these, We are not in a position to entrust it with anyone since nobody is willing to accept this because of the above reasons."

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)

**16.12.2023**

# <u>KGBEU OU ബുള്ളറ്റിൻ 157 /2023</u>

സഖാക്കളെ,

## വിഷയം: Pension issue related to EPFO

PF ൽ നിന്നും claim ലഭിക്കാത്തതിനാൽ ജീവനക്കാരുടെ പെൻഷൻ വൈകുന്ന സ്ഥിതി നിലവിലുണ്ട്. PF അതോറിറ്റി പറയുന്നത് ഇനി ഫണ്ട് കൈമാറുന്നത് ബാങ്കിന്റെ പേരിൽ മാത്രമായിരിക്കും എന്നാണ്. ആയതിനാൽ റിട്ടയർ ചെയ്യുന്ന മുറക്ക് മുഴുവൻ ജീവനക്കാർക്കും തൊട്ടടുത്ത മാസം മുതൽ തന്നെ മറ്റൊരു ഉപാധിയും ഇല്ലാതെ പെൻഷൻ നൽകണമെന്ന് HR GM നോട് നാം ആവശ്യപ്പെട്ടിട്ടുണ്ട്. നമ്മുടെ ആവശ്യം ന്യായം ആണ് എന്ന് മാനേജ്മെന്റിന് ബോധ്യപ്പെട്ടിട്ടുണ്ട്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)

16.12.2023

# KGBEU OU ബുള്ളറ്റിൻ 158 /2023

സഖാക്കളെ,

**വിഷയം:** Daily wagers' issue related to EPFO

താൽക്കാലിക ജീവനക്കാർക്ക് PF related ആയ നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. Claim കിട്ടാത്ത അവസ്ഥ, പുതിയ എസ്റ്റാബ്ലിഷ്മെന്റിലേക്ക് തുക ട്രാൻസ്ഫർ ആവാത്ത പ്രശ്നം തുടങ്ങിയ വിഷയങ്ങൾ മാനേജ്മെന്റുമായി സംസാരിച്ചു. അധികം വൈകാതെ തന്നെ എല്ലാ സാങ്കേതിക വിഷയങ്ങളും മറികടന്ന് പ്രശ്ന പരിഹാരം ഉണ്ടാക്കണമെന്ന് നാം ആവശ്യപ്പെട്ടു. ഡിസംബർ അവസാനം അല്ലെങ്കിൽ ജനുവരി ആദ്യം ബാങ്കിന്റെ ഭാഗത്തു ചെയ്തുതീർക്കാനുള്ള മുഴുവൻ പ്രവർത്തനങ്ങളും പൂർത്തീകരിക്കും എന്നും PF related issues എത്രയും പെട്ടെന്ന് പരിഹരിക്കുമെന്നും നമുക്ക് ഉറപ്പു തന്നിട്ടുണ്ട്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)

**16.12.2023**

# KGBEU OU ബുള്ളറ്റിൻ 159 /2023

സഖാക്കളെ,

## വിഷയം: ആശ്രിത നിയമനം pending cases

നമ്മുടെ ബാങ്കിൽ ആശ്രിതനിയമനം 4 പേർക്ക് നൽകിയിട്ടുണ്ട് എന്ന വാർത്ത നാം ജീവനക്കാരെ അറിയിച്ചിരുന്നു. നിരവധിപേർ ഇനിയും ഈ ആനുകൂല്യം ലഭിക്കാൻ കാത്തിരിക്കുന്നുണ്ട്. അവരുടെ അപേക്ഷകൾ എത്രയും പെട്ടെന്ന് പരിഗണിക്കണമെന്ന് നാം ആവശ്യപ്പെട്ടു. പ്രൊമോഷൻ പ്രോസസ്സ് സംബന്ധിച്ച തിരക്ക് കഴിഞ്ഞാൽ ഉടനെ ആ കാര്യത്തിലേക്ക് കടക്കും എന്ന് നമുക്ക് ഉറപ്പു ലഭിച്ചു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)

**21.12.2023**

# KGBEU OU ബുള്ളറ്റിൻ 160 /2023

സഖാക്കളെ,

## വിഷയം: രജിസ്‌റ്റേർഡ് തപാൽ GST ബില്ല്

രജിസ്‌റ്റേർഡ് തപാൽ അയക്കുമ്പോൾ GST ബില്ല് നിർബന്ധം ആക്കിക്കൊണ്ടുള്ള സർക്കുലർ ഇറങ്ങിയിട്ടുണ്ട്. എന്നാൽ എല്ലാ പോസ്റ്റ് ഓഫീസുകളിലും GST ബില്ല് നൽകാനുള്ള സംവിധാനം ഇല്ല എന്നതിനാൽ ബ്രാഞ്ചുകൾക്ക് പല പ്രായോഗിക പ്രശ്നങ്ങളും ഉണ്ടാകുന്നുണ്ട്. GST ബില്ല് കിട്ടിയില്ല എന്ന കാരണത്താൽ സാധാരണ ചെയ്യുന്ന രീതിയിൽ ചെയ്യുക മാത്രമാണ് പോംവഴി എങ്കിലും സർക്കുലർ violation നടന്നു എന്ന ആരോപണം വരാൻ സാധ്യതയുമുണ്ട്. ഈ വിഷയം സംഘടനയുടെ ശ്രദ്ധയിൽപ്പെടുകയും നാം ഇടപെടുകയും ചെയ്തിട്ടുണ്ട്.

പോസ്റ്റ് ഓഫീസിൽ നിന്നും GST ബില്ല് ലഭിക്കുന്നില്ല എങ്കിൽ പോസ്റ്റ് മാസ്റ്റർക്ക് GST ബില്ല് ആവശ്യപ്പെട്ടുകൊണ്ട് ഒരു ലെറ്റർ നൽകണം. ആ ലെറ്ററിന്റെ കോപ്പി attach ചെയ്ത്, GST ബില്ല് നൽകാത്ത പശ്ചാത്തലത്തിൽ എന്ത് ചെയ്യണം എന്ന് ആവശ്യപ്പെട്ടു കൊണ്ട് FM വിംഗിലേക്ക് ലെറ്റർ അയക്കുകയും വേണം. അതിന്റെ മറുപടി ലഭിക്കുന്നത് പ്രകാരം തുടർ പ്രവർത്തനങ്ങൾ നടത്തിയാൽ മതി.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)

**22.12.2023**

# KGBEU OU ബുള്ളറ്റിൻ 161 /2023

സഖാക്കളെ,

## വിഷയം: Finacle migration

Finacle migration നടത്തുന്നതുമായി ബന്ധപ്പെട്ട് ജീവനക്കാരെയും ബാങ്കിനെയും ബാധിക്കുന്ന വിഷയങ്ങളിൽ അതീവ ജാഗ്രത പുലർത്തണമെന്നും തയ്യാറെടുപ്പുകൾ കൃത്യമായി നടത്തി വേണം migration implement ചെയ്യേണ്ടത് എന്നാവശ്യപ്പെട്ടു കൊണ്ടും ചെയർമാന് കത്തു നൽകി. കൈക്കൊള്ളേണ്ട മുൻകരുതലുകളും ശ്രദ്ധിക്കേണ്ട കാര്യങ്ങളും എന്തൊക്കെയാവണം എന്ന നിർദേശവും കത്തിൽ ഉൾപ്പെടുത്തി.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)

**26.12.2023**

<u>KGBEU OU ബുള്ളറ്റിൻ 162 /2023</u>

സഖാക്കളെ,

**വിഷയം: PF withdrawal ban റിട്ടയർ ചെയ്തവർക്ക് പെൻഷൻ കിട്ടാത്ത പ്രശ്നം**

PF ൽ നിന്നും withdrawal ലഭിക്കാത്തതിനാൽ Employer contribution തിരിച്ചടക്കാൻ സാധിക്കാത്തത് മൂലം റിട്ടയർ ചെയ്ത ജീവനക്കാർക്ക് പെൻഷൻ ലഭിക്കാൻ തടസ്സം നേരിടുന്നുണ്ട്. PF ൽ നിന്നും withdrawal ലഭിക്കാത്തതിന് ജീവനക്കാരോ റിട്ടയർ ചെയ്തവരോ കാരണക്കാരല്ല എന്നതിനാൽ റിട്ടയർ ചെയ്ത മുഴുവൻ ആളുകൾക്കും ഉടൻ പെൻഷൻ നൽകണമെന്ന് നാം ആവശ്യപ്പെട്ടിരുന്നു. നമ്മുടെ ആവശ്യം ന്യായമാണ് എന്ന് ബോധ്യപ്പെട്ടതിനാൽ അടുത്ത പെൻഷൻ ട്രസ്റ്റ് മീറ്റിങ്ങിൽ ഇത് ചർച്ചചെയ്യുമെന്ന് നമുക്ക് ഉറപ്പ് തന്നിരുന്നു.

അംഗീകൃത സംഘടനയുടെ രണ്ട് പ്രതിനിധികൾ ഉൾക്കൊള്ളുന്ന പെൻഷൻ ട്രസ്റ്റ് മീറ്റിംഗ് ഇന്ന് നടന്നു. അതിൽ ഈ വിഷയം ചർച്ച ചെയ്യുകയും നമ്മുടെ ആവശ്യം അംഗീകരിക്കുകയും ചെയ്തതായി പെൻഷൻ ട്രസ്റ്റിലെ സംഘടനാ പ്രതിനിധികൾ നമ്മെ അറിയിച്ചു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)

**27.12.2023**

## KGBEU OU ബുള്ളറ്റിൻ 163 /2023

സഖാക്കളെ,

**വിഷയം:** Computer increment

ഡിസംബർ മാസം ശമ്പളത്തിന്റെ കൂടെ അർഹരായ ആളുകൾക്ക് കമ്പ്യൂട്ടർ ഇൻക്രിമെൻറ് കൂടി ലഭിക്കുമെന്ന് ബാങ്ക് സർക്കുലർ ഇറക്കിയിരുന്നു. എന്നാൽ ഇന്ന് credit ചെയ്ത ശമ്പളത്തിന്റെ കൂടെ computer increment വന്നിട്ടില്ല. സാങ്കേതിക പ്രശ്നം എന്തെങ്കിലും ഉള്ളതായി നമ്മെ അറിയിച്ചിരുന്നുമില്ല. ആയതിനാൽ ഈ വിഷയത്തിൽ നാം മാനേജ്മെന്റുമായി സംസാരിക്കുകയും ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്തു.

തുടർന്ന് ഡിസംബർ മാസത്തെ ശമ്പളത്തിന്റെ Computer increment വഴി ലഭിക്കേണ്ടിയിരുന്ന ഭാഗം ഇന്ന് തന്നെ ക്രെഡിറ്റ് ചെയ്തു തരും എന്ന് നമുക്ക് ഉറപ്പ് ലഭിച്ചിട്ടുണ്ട്.

വൈകിട്ടത്തേക്കുള്ളിൽ ഇതു വരെയുള്ള മുഴുവൻ അരിയറും credit ചെയ്യും.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)

**28.12.2023**

# KGBEU OU ബുള്ളറ്റിൻ 164 /2023

സഖാക്കളെ,

## വിഷയം: പ്രമോഷൻ റിസൾട്ട്

OAST മുതൽ Scale IV വരെയുള്ള തസ്തികകളിലേക്ക് പ്രമോഷൻ നടപടികൾ പൂർത്തീകരിച്ചിരിക്കുകയാണ്. ആയതിനാൽ, റിസൾട്ട് എത്രയും പെട്ടെന്ന് പ്രസിദ്ധീക രിക്കണം എന്നും അതത് കേഡറുകളിൽ ഇൻ്റർവ്യൂ പൂർത്തീകരിച്ച ദിവസം മുതൽ പ്രമോ ഷൻ ബാധകമാക്കണമെന്നും ആവശ്യപ്പെട്ട് ഇന്ന് ചെയർമാന് കത്ത് നൽകി.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)

**28.12.2023**

# <u>KGBEU OU ബുള്ളറ്റിൻ 165 /2023</u>

സഖാക്കളെ,

**വിഷയം:** Annual medical health check  up

Annual medical check up ആനുകൂല്യം കഴിഞ്ഞ രണ്ട് വർഷങ്ങളായി ജീവനക്കാർക്ക് നിഷേധിക്കുകയാണ്. എത്രയും പെട്ടെന്ന് ഈ ആനുകൂല്യം നൽകണം എന്നാവശ്യപ്പെട്ട് ചെയർമാന് കത്ത് നൽകി.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)

**29.12.2023**

# KGBEU OU ബുള്ളറ്റിൻ 166/2023

സഖാക്കളെ,

## വിഷയം: ഉദ്യോഗാർത്ഥികൾ ജാഗ്രത പാലിക്കുക

RRB mains exam എഴുതി result കാത്തിരിക്കുന്ന ഉദ്യോഗാർത്ഥികളെ തെറ്റിദ്ധരിപ്പിക്കുന്ന ഒരു മെസ്സേജ് BMS പുറത്തു വിട്ടിട്ടുണ്ട്. HR വിംഗിൽ നിന്നുമുള്ള experts നെ ഉൾപ്പെടുത്തി ഒരു പ്രത്യേക സെഷൻ ഉദ്യോഗാർത്ഥികൾക്കു വേണ്ടി ഓൺലൈൻ ആയി നടത്തുന്നു എന്ന വ്യാജേനയാണ് അവരെ തെറ്റിദ്ധരിപ്പിച്ചിരിക്കുന്നത്. ഈ വിവരം HR വിംഗിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. HR വിംഗ് യാതൊരു തരത്തിലും അറിയാത്ത കാര്യത്തിൽ വിവാദത്തിനിടയാക്കുന്ന തെറ്റിദ്ധാരണാജനകമായ മെസ്സേജ് പടച്ചു വിട്ടതിനെതിരെ BMS സംഘടനയോട് HR വിംഗ് വിശദീകരണം ആവശ്യപ്പെടും എന്നാണ് അറിയാൻ കഴിഞ്ഞത്. BMS സംഘടന, കേരള ഗ്രാമീൺ ബാങ്കിൽ അംഗീകാരമില്ലാതെയാണ് പ്രവർത്തിക്കുന്നത് എന്ന വസ്തുത മറച്ചു വച്ചാണ് മുന്നോട്ട് പോകുന്നതെങ്കിലും ജീവനക്കാർ അത് അറിഞ്ഞു വരികയാണ്. അതിൽ നിന്നും രക്ഷപ്പെടാനാണ് HR വിംഗിനെ വിവാദത്തിൽപ്പെടുത്തി ഇത്തരത്തിലുള്ള വ്യാജസന്ദേശങ്ങൾ പടച്ചു വിടുന്നത്.

നമ്മുടെ ബാങ്കിലേക്ക് കയറാൻ കാത്തിരിക്കുന്ന ഉദ്യോഗാർത്ഥികൾ ഒരുതരത്തിലും തെറ്റിദ്ധരിക്കപ്പെടരുത്. ജാഗ്രതയോടെ മുന്നോട്ട് പോകാം.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)

**23.11.2023**

# KGBEU OU ബുള്ളറ്റിൻ 147 /2023

സഖാക്കളെ,

## വിഷയം: പ്രമോഷൻ Exam ഹാൾ ടിക്കറ്റ്

നവംബർ 25 ന് പ്രമോഷൻ എക്സാം നടക്കാനിരിക്കുകയാണ്. Exam അറ്റൻഡ് ചെയ്യേണ്ട വർക്ക് ഹാൾടിക്കറ്റ് ലഭിച്ചിട്ടില്ല എന്ന പരാതി ഉയർന്നുവരുന്നുണ്ട്. ഹാൾടിക്കറ്റ് സോഫ്റ്റ് കോപ്പി ബന്ധപ്പെട്ട റീജിയണൽ ഓഫീസിലേക്ക് അയക്കുന്നുണ്ട്. ഹാൾ ടിക്കറ്റിന്റെ ഹാർഡ് കോപ്പി ലഭിക്കാത്തവർ റീജിയണൽ ഓഫീസിൽ ബന്ധപ്പെട്ടാൽ ഹാൾ ടിക്കറ്റ് സോഫ്റ്റ് കോപ്പി ലഭിക്കുന്നതാണ്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)